**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323** **07-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നല്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 5(3) പ്രകാരം, കേന്ദ്ര/ സംസ്ഥാന സർക്കാർ വകുപ്പ് നടത്തുന്ന കെട്ടിട നിർമ്മാണത്തിന്റെ സംഗതിയിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പണി ആരംഭിക്കുന്നതിനു മുപ്പതു ദിവസങ്ങൾക്ക് മുമ്പായി നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനുകൾ മറ്റെല്ലാ വിശദാംശങ്ങൾക്കും, പ്രസ്തുത പ്ലാനുകൾ ടി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ വ്യവസ്ഥകൾക്കും അനുരൂപമാണെന്ന, നിർമ്മാണ ചുമതലയുള്ള മുഖ്യ ആർക്കിടെക്റ്റിന്റെ അല്ലെങ്കിൽ എഞ്ചിനീയറുടെ ഒപ്പുള്ള സാക്ഷ്യപത്രത്തോടുമൊപ്പം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അത്തരം സംഗതികളിൽ സെക്രട്ടറിയിൽ നിന്ന് ഈ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി പത്രം ആവശ്യമില്ല. നിർമ്മാണം പൂർത്തികരിച്ച ശേഷം നിർമ്മാണ ചുമതലയുള്ള മുഖ്യ ആർക്കിടെക്റ്റിന്റെ അല്ലെങ്കിൽ എഞ്ചിനീയറുടെ ഒപ്പുള്ള സാക്ഷ്യപത്രത്തോടൊപ്പം കെട്ടിടത്തിന്റെ നമ്പരിനായി അപേക്ഷ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |
| (ബി) | കെട്ടിടം നിർമ്മിച്ചത് ബിൽഡിംഗ് റൂൾ പ്രകാരമാണെന്ന ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന പക്ഷം ആയത് പരിഗണിച്ച് സർക്കാർ കെട്ടിടങ്ങൾക്ക് നമ്പർ നല്കുന്നതിന് വ്യവസ്ഥയുണ്ടോ; പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ സർട്ടിഫിക്കറ്റ് നല്കുന്ന പക്ഷം എൽ.എസ്.ജി.ഡി. എഞ്ചിനീയർ കൂടി പരിശോധന നടത്തേണ്ടതുണ്ടെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | 2019 ലെ കേരള പഞ്ചായത്ത് / മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 5(3) പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി / നമ്പർ നൽകുന്നത് സംബന്ധിച്ച് ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യിട്ടില്ല. |

സെക്ഷൻ ഓഫീസർ